# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. ടി 2115** **17.06.2014-ലെ മറുപടിക്ക്**

**<u>വികസനത്തിനാവശ്യമായ വിഭവ സമാഹരണം</u>**

**<u>ചോദ്യം</u>**

**ശ്രീ. എം. എ. ബേബി**
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
**ശ്രീ. പി.റ്റി.എ. റഹീം**
**ശ്രീ. ബാബു എം. പാലിശ്ശേരി**

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പദ്ധതികൾക്കും ആവശ്യമായ വിഭവ സമാഹരണം സാധ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | ബഡ്ജറ്റിൽ വിഭാവനം ചെയ്ത തോതിലുള്ള വിഭവസമാഹരണം നടത്തുവാൻ സാധിച്ചിട്ടില്ല. 2013-14 ൽ സംസ്ഥാന നികുതിയിലും കേന്ദ്ര നികുതി വിഹിതത്തിലും കേന്ദ്ര സഹായത്തിലും നിന്നുള്ള വരുമാനം പ്രതീക്ഷിച്ച തോതിൽ ലഭ്യമായിരുന്നില്ല. |

| | | |
|---|---|---|
| (ബി) | വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്ത മാക്കുമോ; | ഉണ്ട്. 28.04.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ചെയർമാൻ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരുമായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്നമുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |
| (സി) | അധിക വിഭവ സമാഹരണത്തിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്; വിവിധ വകുപ്പുകൾ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ എന്ത് നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യ ക്തമാക്കാമോ? | നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പി ക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യത്നങ്ങൾ നടത്താനും, നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെ ടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തര വുകളും പിൻവലിക്കാനും അത്തരം ഉപാധിര ഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടു വിക്കാതിരിക്കാനും 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന പ്രകാരം നിർദ്ദേശി ച്ചിട്ടുണ്ട്. നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കാനുള്ള നടപടി ക ളും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**